**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 164 | 04.11.2019-ൽ മറുപടിക്ക്

## കസ്റ്റഡി മരണങ്ങളിൽ സി.ബി.ഐ അന്വേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോജി എം. ജോൺ<br>ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് തുടർച്ചയായി കസ്റ്റഡി മരണം ഉണ്ടാകുന്ന സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് തുടർച്ചയായി കസ്റ്റഡി മരണം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) നെടുങ്കണ്ടത്ത് പോലീസ് കസ്റ്റഡിയിൽ രാജ്കുമാറും പാവറട്ടിയിൽ എക്സൈസ് കസ്റ്റഡിയിൽ രഞ്ജിത് കുമാറും മരിച്ചത് അതിക്രൂരമായ മർദ്ദനം ഏറ്റതിനാലാണെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ട് വെളിപ്പെടുത്തുന്നുണ്ടോ; | (ബി) ഉണ്ട്. |
| (സി) സംസ്ഥാനത്ത് ഇനി കസ്റ്റഡി മരണം ഉണ്ടായാൽ അവ സി.ബി.ഐ. അന്വേഷണത്തിന് വിടുവാൻ തീരുമാനിച്ചിട്ടുണ്ടോ; അറിയിക്കുമോ; | (സി) അപ്രകാരം ഒരു തീരുമാനം സർക്കാർ എടുത്തിട്ടില്ല. |
| (ഡി) രാജ്കുമാറിന്റെയും രഞ്ജിത് കുമാറിന്റെയും കസ്റ്റഡി മരണത്തിന്മേൽ സി.ബി.ഐ. അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; | (ഡി) രാജ്കുമാറിന്റെ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട കേസ് അന്വേഷിക്കുന്നതിന് 16/08/2019 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നം.122/2019/ആഭ്യന്തരം പ്രകാരം സി.ബി.ഐ ക്ക് കൈമാറി നൽകി. പ്രസ്തുത കേസിന്റെ കേസ് ഡയറിയും സി.ബി.ഐ ക്ക് നൽകിയിട്ടുണ്ട്. രഞ്ജിത് കുമാറിന്റെ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട കേസ് അന്വേഷിക്കുന്നതിന് 11/10/2019 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നം.151/2019/ആഭ്യന്തരം പ്രകാരം സി.ബി.ഐ ക്ക് കൈമാറി ഉത്തരവായിട്ടുണ്ട്. ഈ കേസിന്റെ രേഖകൾ കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (ഇ) പോലീസ് കസ്റ്റഡി മരണത്തെക്കുറിച്ച് അതേ ഏജൻസി അന്വേഷിച്ചാൽ സത്യം പുറത്തുവരികയില്ലെന്ന സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിലാണോ പ്രസ്തുത തീരുമാനം എടുത്തതെന്ന് വ്യക്തമാക്കുമോ? | (ഇ) 'സി'പിരിവിനുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ